(സി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) തമിഴ്നാട്ടിൽ ആരംഭിക്കുന്ന ന്യൂക്ലിയർ വൈദ്യുത ഉൽപ്പാദന കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് വൈദ്യുതി ലഭിക്കുന്നതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാനത്ത് ന്യൂക്ലിയർ വൈദ്യുതിയുൾപ്പെടെ എല്ലാ ഊർജ്ജസ്രോതസ്സുകളും, കേരളം പ്രയോജനപ്പെടുത്തുമെന്ന് 1998-ൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വൈദ്യുതോർജ്ജനയത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

(ബി-സി) സംസ്ഥാന സർക്കാർ ന്യൂക്ലിയർ പവ്വർസ്റ്റേഷൻ സ്ഥാപിക്കുവാൻ കോമംഗള, വലിയവെളിച്ചം, താമരശ്ശേരി, മാനത്തോട്, ബേല, ഭൂതത്താൻകെട്ട്, പെരിങ്ങോം എന്നീ സ്ഥലങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ നടത്തിയ പഠനത്തിൽ ഈ സ്ഥലങ്ങളൊന്നും തന്നെ ആണവനിലയത്തിന് അനുയോജ്യമല്ലെന്ന് കേരള സർക്കാരിനെ ന്യൂക്ലിയർ പവ്വർ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) തമിഴ്നാട്ടിൽ ആരംഭിക്കുന്ന ന്യൂക്ലിയർ വൈദ്യുതി ഉൽപ്പാദന കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് 260 മെഗാവാട്ട് വൈദ്യുതി ആവശ്യമാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് ന്യൂക്ലിയർ പവ്വർ കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി ചാർജ്ജ്

23 (*350) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി ബിൽ തയ്യാറാക്കുന്നതിനുള്ള താരിഫ് ലഭ്യമാക്കുമോ ;

(ബി) വൈദ്യുതി ചാർജിന് പുറമേ മറ്റ് എന്തൊക്കെ ഇനങ്ങളാണ് ബില്ലിൽ ഉൾപ്പെടുത്തുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രതിമാസ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണോ രണ്ട് മാസത്തെ ഉപയോഗത്തിന്റെ അടിസ്ഥാനത്തിലാണോ നിലവിലുള്ള താരിഫ് പ്രകാരം വൈദ്യുതി ബിൽ തയ്യാറാക്കുന്നതെന്ന് വിശദമാക്കുമോ ; അതിന് മാനദണ്ഡമായി കണക്കാക്കുന്ന ഉത്തരവ് ലഭ്യമാക്കുമോ ;

(ഡി) രണ്ട് മാസത്തെ മൊത്തം ഉപയോഗം കണക്കിലെടുത്ത് ബിൽ തയ്യാറാക്കുന്നതുകൊണ്ട് ഉണ്ടാകുന്ന അധികഭാരം ഇല്ലാതാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ തയ്യാറാക്കുന്നതിലേയ്ക്കായിട്ടുള്ള താരിഫ് നിരക്കുകൾ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിമാസ ഉപഭോഗം യൂണിറ്റിൽ	നിരക്ക് (രൂപ യൂണിറ്റ് ഒന്നിന്)
0-40 വരെ	1.15
41 മുതൽ 80 വരെ	1.90
81 മുതൽ 120 വരെ	2.40
121 മുതൽ 150 വരെ	3.00
151 മുതൽ 200 വരെ	3.65
201 മുതൽ 300 വരെ	4.30
301 മുതൽ 500 വരെ	5.30
501 ന് മുകളിൽ	5.45

(ബി) ബില്ലിൽ വൈദ്യുതി ചാർജ് കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടി, മീറ്റർ വാടക, ലൈൻ റെന്റൽ/മിനിമം ഗ്യാരണ്ടി (ബാധകമാണെങ്കിൽ) എന്നിവ ഉൾപ്പെടുത്താറുണ്ട്.

(സി) രണ്ട് മാസത്തിൽ ഒരിക്കൽ ബില്ല് തയ്യാറാക്കികൊടുക്കുന്ന 'സ്പോട്ട് ബില്ലിംഗ്' സമ്പ്രദായമാണ് ഇന്ന് ഗാർഹിക ഉപഭോക്താക്കൾക്ക് നിലവിലുള്ളത്. രണ്ട് മാസത്തിലൊരിക്കലാണ് ബില്ല് തയ്യാറാക്കുന്നതെങ്കിലും രണ്ട് മാസത്തെ ഉപഭോഗത്തിന്റെ പകുതി പ്രതിമാസ ശരാശരി ഉപഭോഗം ആയി കണക്കാക്കിയാണ് ബിൽ തയ്യാറാക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) രണ്ട് മാസത്തെ മൊത്ത ഉപഭോഗത്തിന്റെ പകുതിക്ക് അനുസൃതമായ നിരക്കുകൾ കണക്കിലെടുത്ത് ബിൽ തയ്യാറാക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്ക് അധിക ഭാരമൊന്നും ഉണ്ടാകുന്നില്ല.

വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്നതിനു വേണ്ടിവരുന്ന സമയം

24 (*351) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ പദ്ധതികൾ പൂർത്തിയാക്കി നടപ്പാക്കുന്നതിന് ആവശ്യത്തിലധികം സമയം എടുത്തിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly